*Celebrating Extraordinary Missionary Month October 2019…*

**Tuesday, 29 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏട്ടാം ചൊവ്വ

Lk 13:18-21 കടുകുമണിയുടേയും പുളിമാവിന്റേയും ഉപമ

Fr. Winson Moyalan CMI

'ദൈവരാജ്യ' മെന്നതും 'സ്വർഗ്ഗരാജ്യ'മെന്നതുമൊക്കെ യേശു തന്റെ ഉപമകളിൽ മാറി മാറി ഉപയോഗിക്കുന്ന പദങ്ങളാണ്. കടുകുമണിയുടെ ഉപമയെക്കുറിച്ച് പ്രസ്താവിക്കുന്ന സമാന്തര സുവിശേഷങ്ങളിൽ മാർക്കോസും, ലൂക്കായും 'ദൈവരാജ്യം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ 'സ്വർഗ്ഗരാജ്യം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (13:31).

ഈ ലോകരാജ്യത്തിലുള്ളവർ യേശുവിന്റെ വചനങ്ങൾ പാലിച്ച് ജീവിക്കുന്ന കൂട്ടായ്മയെ ദൈവരാജ്യമെന്നും, ആ ദൈവരാജ്യത്തിൽ അംഗങ്ങളായി തീർന്നവരുടെ മരണശേഷമുള്ള കൂട്ടായ്മയെ സ്വർഗ്ഗരാജ്യമെന്നും പണ്ഡിതമതം.

കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയെപ്പോലും മാറ്റാൻ കഴിയുമെന്ന് നാം വായിക്കുന്നുണ്ട്. ഇന്നിതാ കടുകുമണിയാകുന്ന ദൈവരാജ്യവിത്തുകളെക്കുറിച്ച് നാം വായിക്കുന്നു. നിശ്ചയമായും അത് കിളിർത്ത്, വളർന്ന്, പന്തലിച്ച് അവിശ്വസീയമാം വിധം വലുതാകുമെന്നും, അതിന്റെ ചില്ലകളിൽ ആകാശ കുരുവികൾ ചേക്കേറി പറന്നു കളിക്കുമെന്നും യേശു പ്രസ്താവിക്കുന്നു.

വൃക്ഷ ശിഖിരങ്ങളിൽ പക്ഷികൾ ചേക്കേറുന്ന പോലെ യേശു പ്രഘോഷിച്ച ദൈവരാജ്യത്തിൽ ജനതകൾ അഭയം പ്രാപിക്കും. അതിൽ ലോകം മുഴുവൻ - വിജാതീയരടക്കം - വിശ്രമവും, ആശ്രയവും അനുഭവിക്കും.

കടുകുമണിയുടേയും, പുളിമാവിന്റേയും ഉപമയിലൂടെ ദൈവരാജ്യ വിസ്തൃതിയെക്കുറിച്ചാണ് യേശു നമ്മെ പഠിപ്പിക്കുന്നത്. ദൈവരാജ്യമെന്നാൽ യേശു തന്നെയാണെന്നും, ദൈവരാജ്യം പ്രഘോഷിക്കുകയെന്നാൽ യേശുവിനെ പ്രബോധന വിഷയമാക്കുക എന്നാണെന്ന് ഈ ഉപമയിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നു.

പല പ്രതിസന്ധികൾക്കിടയിൽ തന്റെ ശിഷ്യർ എപ്രകാരം സുവിശേഷ പ്രഘോഷണം നടത്തിയോ, അതേ തീക്ഷ്ണതയിൽ ഇന്ന് നാമും യേശുവാകുന്ന ദൈവരാജ്യപ്രഘോഷണത്തിൽ പങ്കാളികളാകണമെന്ന് അവിടുന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

*Published by*
CMI General Department of Evangelization and Pastoral Ministry